പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6228

08.07.2014-ൽ മറുപടിക്ക്.

## ഫയർമാൻ തസ്തികയിലെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഫയർമാൻ തസ്തികയിലേക്ക് എന്നാണ് പി.എസ്.സി അവസാനമായി അപേക്ഷ ക്ഷണിച്ചത്; പരീക്ഷ നടത്തിയതും, ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതും എന്നാണെന്ന് വിശദമാക്കുമോ; | :(എ) ഫയർമാൻ (ട്രെയിനി) തസ്തികയിലേയ്ക്ക് 28.03.2012 ലാണ് അവസാനമായി അപേക്ഷ ക്ഷണിച്ചത് (കാറ്റഗറി നമ്പർ 1/2012) 25.08.2012 ൽ ഒ.എം.ആർ പരീക്ഷ നടത്തുകയും 30.01.2014 ൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. |
| (ബി) ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കായികക്ഷമതാ പരീക്ഷ നടത്തി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; | : (ബി) കായിക ക്ഷമതാ പരീക്ഷ നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. കായികക്ഷമതാ പരീക്ഷയുടെ തീയതി ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) ഫയർമാൻ തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത് ലഭിച്ചിട്ടുണ്ട്; റാങ്ക് ലിസ്റ്റ് എന്നു പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | : (സി) നിലവിൽ ആകെ 1010 ഫയർമാൻ ട്രെയിനി ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കായിക ക്ഷമതാ പരീക്ഷ കഴിയുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ